## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 972

03.12.2014 -ലെ മറുപടിയ്ക്ക്

## മലയാളികളായ നഴ്സുമാരുടെ പുനരധിവാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) വിദേശ രാജ്യങ്ങളിലെ ആഭ്യന്തര സംഘർഷം മൂലം തൊഴിൽ നഷ്ടപ്പെട്ട എത്ര മലയാളികളായ നഴ്സുമാരെയും പാരാ മെഡിക്കൽ വിഭാഗത്തിൽ ജോലി ചെയ്യുന്നവരെയും തിരിച്ചെത്തിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) ഇറാഖ്, ലിബിയ എന്നീ രാജ്യങ്ങളിലുണ്ടായ ആഭ്യന്തര സംഘർഷം മൂലം തൊഴിൽ നഷ്ടപ്പെട്ട് 796 പേർ നാളിതുവരെ കേരളത്തിൽ തിരികെയെത്തിയതായി നോർക്ക - റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 707 പേർ നഴ്സുമാരാണ്. |
| (ബി) ഇവരുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (ബി) ഇവർക്ക് വിദേശത്തും കേരളത്തിലും തൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനായി കേരളീയരായ വിദേശത്തെയും രാജ്യത്തെയും ആശുപത്രി ഉടമസ്ഥരുടെ യോഗം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചു കൂട്ടുകയുണ്ടായി. ആയതിന്റെയടിസ്ഥാനത്തിൽ വിദേശത്തെയും കേരളത്തിനകത്തെയും വിവിധ ആശുപത്രികളിലെ പ്രതിനിധികൾ പങ്കെടുത്ത ഒരു റിക്രൂട്ട്മെന്റ് ക്യാമ്പയിൻ നോർക്ക - റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് 18/11/2014 - ന് സംഘടിപ്പിച്ചിരുന്നു. ഏകദേശം 500 ഓളം പേർ ഈ റിക്രൂട്ട്മെന്റ് ക്യാമ്പയിനിൽ പങ്കെടുത്തിരുന്നു. പ്രസ്തുത ക്യാമ്പയിനിൽ നടന്ന ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ നഴ്സുമാരെ വിവിധ ആശുപത്രികളിലേക്ക് നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (സി) ഇതിനായി ഇതിനകം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) ഇറാഖ് / ലിബിയ എന്നീ രാജ്യങ്ങളിലെ ആഭ്യന്തരകലാപത്തെത്തുടർന്ന് തിരികെയെത്തിയ നഴ്സുമാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിനായി നാളിതുവരെ നോർക്ക - റൂട്ട്സ് ഹെഡ് ഓഫീസിൽ നിന്നും 5.77 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

(ഡി) ഇതിൽ എത്ര പേർക്ക് എവിടെയൊക്കെ ഇതിനകം തൊഴിൽ ലഭ്യമാക്കിയെന്ന് വിശദമാക്കാമോ?

(ഡി)യു.എ.ഇ. യിലെ എൻ.എം.സി. ഗ്രൂപ്പിലേക്ക് 23 പേരെയും, യു.എ.ഇ. യിലെ അൽ - അഹല്യ ഗ്രൂപ്പിലേക്ക് 152 പേരെയും ഇന്റർവ്യൂ നടത്തി തിരഞ്ഞെടുത്തതായി അറിയിച്ചിട്ടുണ്ട്. ഇവരുടെ വിസാ നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിൽ എൻ.എം.സി. ഗ്രൂപ്പിലേക്കുള്ള 20 പേരും ജോലിയിൽ പ്രവേശിച്ചതായി അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ